(സി) ഓരോ കമ്പനിയും പ്രതിവർഷം എന്ത് തുക വീതം ഇവർക്കായി ചെലവാക്കുന്നുണ്ട്;

(ഡി) ഇവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി ഓരോ കമ്പനിക്കും ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കൊല്ലം ജില്ലയിൽ പൂട്ടികിടക്കുന്ന വ്യവസായശാലകൾ

12 (2009) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ ഏതൊക്കെയെന്നും ഇവ ഓരോന്നും എത്രകാലമായി പൂട്ടിക്കിടക്കുന്നു എന്നും വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ സ്വകാര്യ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ തരം തിരിച്ചു വെളിപ്പെടുത്തുമോ ;

(സി) കൊല്ലം ജില്ലയിലെ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി). അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മാരുതി ഓയിൽ മിൽസ് ലിമിറ്റഡ്, സൺറീഫൈനറീസ് പ്രൈ. ലിമിറ്റഡ്, എന്നീ കമ്പനികളുടെ സ്വത്തുവകകൾ കണ്ടുകെട്ടി വില്പന നടത്താൻ നടപടികളെടുത്ത് വരുന്നു. അലിന്റ് കുണ്ടറ ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലാ പഞ്ചായത്ത് 25 ലക്ഷം രൂപ മെയിന്റനൻസിനായി നല്കി കഴിഞ്ഞു. പുനലൂർ പേപ്പർ മിൽ തുടങ്ങുന്നതിനുള്ള നടപടികൾ ഉടമ എടുത്തുവരുന്നു. മറ്റു മൂന്നു എണ്ണത്തിന്റെ നടപടികൾ ഒന്നും ആയിട്ടില്ല.

ടി.ടി.പി. യിൽ ആശ്രിത നിയമനം നടപ്പാക്കാൻ നടപടി

13 (2010) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.ടി.പി. യിൽ കഴിഞ്ഞ 25 വർഷങ്ങളായി ചുമട്ടുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തങ്ങളെ കമ്പനി തൊഴിലാളികളായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനും മാനേജ്മെന്റിനും നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

(ബി) ചുമട്ടുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ മരണപ്പെട്ടാൽ ആശ്രിതർക്ക് പ്രസ്തുത തൊഴിൽ ലഭിക്കുന്ന വ്യവസ്ഥ കഴിഞ്ഞ കുറച്ചു കാലമായി കമ്പനി നടപ്പാക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആശ്രിത നിയമനം നടക്കാത്തതുകൊണ്ട് മരണപ്പെട്ട തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കോടതിയിൽ നിലനിൽക്കുന്ന ഒരു കേസിന്റെ കാര്യം പറഞ്ഞാണ് ഈ നിയമനങ്ങൾ നടക്കാത്തത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആശ്രിത നിയമനം ഉടനടി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ വേണ്ട നിർദ്ദേശം കമ്പനിക്ക് നൽകുമോ ?

ഉത്തരം

(എ) ടി.ടി.പി. യിൽ ചുമട്ടുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ കമ്പനി തൊഴിലാളികളായി അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നു. ഇക്കാര്യം പരിശോധിച്ചശേഷം കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന 92 ചുമട്ടുതൊഴിലാളികളെ കമ്പനിയിൽ സ്ഥിരപ്പെടുത്തുവാൻ നിലവിലുള്ള നിയമന വ്യവസ്ഥകൾ പ്രകാരം നിർവ്വാഹമില്ലെന്ന് മറുപടി നൽകി.

(ബി-ഡി) 1978-ലെ ശ്രീ. പി. മാധവന്റെയും 1979-ലെ ശ്രീ. പി. എൻ. കൃഷ്ണപിള്ളയുടെയും അവാർഡിൽ ടി ചുമട്ടുതൊഴിലാളികളുടെ ആശ്രിതർക്ക് ടി തൊഴിൽ നൽകുന്ന വ്യവസ്ഥയുണ്ട്. 1995-വരെ ടി അവാർഡ് പ്രകാരം ടി തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ 1995-ൽ ബഹു. ഹൈക്കോടതി ഒ.പി. നമ്പർ 2203/95, 3122/95 എന്നീ രണ്ട് കേസ്സുകളിൽ ടി രണ്ട് അവാർഡുകൾ സ്റ്റേ ചെയ്തതിനാൽ അതിനുശേഷം ടി തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകിയിട്ടില്ല.

(ഇ) ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

ടെൽക്ക് ബി.ഐ.എഫ്. ആറിന് നൽകുന്ന പ്രൊപ്പോസൽ

14 (2011) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ടെൽക്ക്, ബി.ഐ.എഫ്. ആറിന് നൽകാനുള്ള പ്രൊപ്പോസൽ ഏത് ഏജൻസിയെ കൊണ്ടാണ് തയ്യാറാക്കിയത് ; ഇതിന് എത്ര രൂപ ചെലവായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly